മി.സ്പീക്കർ : ഇതേക്കുറിച്ച് ചർച്ച ചെയ്താൽ നാലാം തീയതി ട്രാൻസ്ഫർ ചെയ്ത ജഡ്ജ് ചാർജ്ജെടുക്കാൻ ആൾ വന്നിട്ടും പോകാതെ എന്തിന് 25-ാം തീയതി വരെ ഇരുന്നുവെന്നുള്ളതെല്ലാം നമ്മൾ പറയേണ്ടിവരും. അതുകൊണ്ട് പറയാതിരിക്കുകയാണ്.....(ബഹളം).....

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോവുകയും അൽപ്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാവുകയും ചെയ്തു.)

Mr. Speaker : Calling Attention.....

Dr. A. Neelalohithadasan Nadar.....He is not moving. Shri. Mammen Mathai..... He is in the hospital. I am very sorry to inform you that he is a little bit serious and we will all pray for his speedy recovery. Submissions.....Shri Mohammedali,.....

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ,

മി. സ്പീക്കർ : അത് കഴിഞ്ഞുപോയില്ലേ ..... സബ്മിഷൻ ആയില്ലേ ..... Any way I permit you. Come on.

III ശ്രദ്ധ ക്ഷണിക്കൽ

(1) കടലാക്രമണവും പ്രകൃതിക്ഷോഭവുംമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, നമ്മുടെ തീരപ്രദേശങ്ങൾ അതിരൂക്ഷമായ കടലാക്രമണംകൊണ്ടും മലയോരങ്ങൾ മണ്ണൊലിപ്പും മലയിടിച്ചിലും കൊണ്ടും സമതല പ്രദേശങ്ങൾ പുഴകളുടേയും മറ്റും കര ഇടിയുന്നതുകൊണ്ടും ജനങ്ങൾക്ക് വല്ലാത്ത ബുദ്ധിമുട്ടുണ്ടായി കൊണ്ടിരിക്കുകയാണ്. ഈ പ്രശ്നങ്ങൾ അടിയന്തിര പ്രാധാന്യത്തോടുകൂടി കൈകാര്യം ചെയ്യുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് വലിയ വീഴ്ചയാണുണ്ടായിക്കൊണ്ടിരിക്കുന്നത്. കാസർകോഡ് ജില്ലയിൽ മാവില കടപ്പുറത്ത് വലിയൊരു പ്രദേശം മലയിടിച്ചിൽ ഭീഷണിയിലാണ്. ഒരു വശത്ത് കടലാക്രമണവും മറുവശത്ത് ഓരിപ്പുഴയുടെ തീരത്ത് ശക്തമായ കരയിടിച്ചിലും നിലനിൽക്കുന്നു. കാസർകോഡ് ജില്ലയിൽത്തന്നെ കാരിപ്പുഴയിലും പൈനിക്കരയിലും ഉരുൾപൊട്ടൽമൂലം വമ്പിച്ച നാശനഷ്ടങ്ങൾ ഉണ്ടായിരിക്കുകയാണ്. കാസർകോഡ്-ഹോസ്ദുർഗ്ഗ് താലൂക്കുകളിൽ കാലവർഷക്കെടുതിമൂലം ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായി. കണ്ണൂരും കാസർകോഡുമായി രണ്ടുപേരെ കാണാതായി. അവർ മരിച്ചു. കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട്, അഴീക്കൽ, തലശ്ശേരി, കണ്ണൂർ എന്നിവിടങ്ങളിൽ വമ്പിച്ച തോതിലുള്ള കടലാക്രമണം ഉണ്ടായി. കണ്ണൂർ മാപ്പിളബേ ഹാർബറിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. പണി നടക്കുന്ന സ്ഥലത്തുനിന്ന് നീക്കം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത മണ്ണ് അവിടെത്തന്നെ ഇടുകയും കടലാക്രമണമുണ്ടാവുമ്പോൾ ആ മണ്ണ് വീണ്ടും എടുത്തുകൊണ്ട് പോവുകയും ചെയ്യുന്നു. ചെയ്യുന്ന പണികൾകൊണ്ട് ഒരു പ്രയോജനവും ഇല്ലാത്ത അവസ്ഥയാണുള്ളത്. കോഴിക്കോട് ജില്ലയിലെ വടകര മുനിസിപ്പാലിറ്റിയിലെ കടൽപ്പുറം ഭാഗങ്ങളിലും, കുറ്റിയാടിയിലും ചേറോഡ് നീത്തലങ്ങാടി ഭാഗത്തും, ഓഞ്ഞിയത്തറ, മാടാക്കര, അഴിയൂർ കടപ്പുറം ഭാഗങ്ങളിലും, ഇതിനുമുൻപ് ഒരിക്കലും ഉണ്ടാകാത്ത രീതിയിലുള്ള കടലാക്രമണം ഉണ്ടായിരിക്കുകയാണ്. കോഴിക്കോട് ബീച്ചിൽ ഇതിനു മുൻപ് ഉണ്ടാകാത്ത രീതിയിലുള്ള കടൽ ക്ഷോഭവും കടലാക്രമണവും ഉണ്ടായിരിക്കുകയാണ്. കോഴിക്കോട് ജില്ലയിലെ വടകര ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഇത് മുൻകൂട്ടി കണ്ടുകൊണ്ട് കടൽ ഭിത്തി നിർമ്മാണത്തിനുള്ള യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. താൽക്കാലികമായി കടലാക്രമണം പ്രതിരോധിക്കാനുള്ള നടപടികൾ പോലും സ്വീകരിക്കുന്നില്ല. മലപ്പുറത്തെ പൊന്നാനി അഴീക്കൽ മുതൽ പുതുപൊന്നാനി വരെയുള്ള ഭാഗങ്ങളിൽ, മുനമ്പം വരെയുള്ള ഭാഗങ്ങളിൽ രൂക്ഷമായ കടലാക്രമണംമൂലം ധാരാളം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂരിൽ ഏറിയ, കാര എന്നിവിടങ്ങളിൽ രൂക്ഷമായ കടലാക്രമണം കാരണം വലിയ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പുതുക്കഴിക്കടുത്ത് കുറുമാലിപ്പുഴ ഗതിമാറി ഒഴുകിയതു കാരണം ഏതാണ്ട് ഒരേക്കർ സ്ഥലം തന്നെ ഒലിച്ചു പോയി. വലിയ തോതിലുള്ള നാശ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എറണാകുളം ജില്ലയിൽ ചെല്ലാനം പഞ്ചായത്തിലും അതുപോലെ വൈപ്പിൻ മേഖലയിലെ നിരവധി പഞ്ചായത്തുകളിലും കടലാക്രമണംമൂലം വലിയ നാശ നഷ്ടങ്ങൾ ഉണ്ടായിരിക്കുകയാണ്. ഫോർട്ട് കൊച്ചിയിലെ ദ്രോണാചാര്യയിൽ വലിയ തോതിലുള്ള കടലാക്രമണം ഉണ്ടായിരിക്കുന്നു. കേന്ദ്ര രാജ്യ രക്ഷാ വകുപ്പിന് കൂടെ താൽപ്പര്യമുള്ള ആ പ്രദേശം അടിയന്തിരമായി സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ആവശ്യമായ ഫണ്ട് കേന്ദ്ര പ്രതിരോധവകുപ്പിൽ നിന്നും ലഭിക്കുന്നതാണ്. അതുപോലെ തന്നെ ആലപ്പുഴ ജില്ലയിലുമൊക്കെ തന്നെ വലിയ തോതിൽ കടലാക്രമണം ഉണ്ടായിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയിലെ വലിയതുറ, പൂന്തുറ പ്രദേശങ്ങളിലെ ഭാഗങ്ങളിൽ വലിയ തോതിൽ കടലാക്രമണം ഉണ്ടായി. പൂവാർ ഇ.എം.എസ്. കോളനി, കല്ലുമുക്ക്, കരിംകുളം, പുതിയതുറ എന്നീ പ്രദേശങ്ങളിൽ ഒരു മാസത്തിൽ രണ്ടു തവണ കടലാക്രമണം ഉണ്ടായി. ആദ്യത്തെ കടലാക്രമണ സമയത്ത് ജില്ലാ ഭരണത്തിന്റെ പ്രതിനിധികൾ അവിടെ പോയി. നടപടികളൊന്നും സ്വീകരിച്ചില്ല. താൽക്കാലികമായ ഒരു ആശ്വാസ നടപടിപോലും അവിടെ സ്വീകരിച്ചില്ല. വീണ്ടും കടലാക്രമണം ഉണ്ടായി. അതുപോലെ തന്നെ പൊഴിക്കരയ്ക്കും, കോവളം ബീച്ചിനുമിടയിൽ കാലാകാലങ്ങളിൽ കടലാക്രമണം ഉണ്ടാകുന്ന പ്രദേശമാണ് 1987-1991-ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് കടൽ ഭിത്തി നിർമ്മിച്ചു. കുറേക്കാലം ഒരാശ്വാസം ഉണ്ടായിരുന്നു. ഇപ്പോൾ വീണ്ടും അവിടെ കടലാക്രമണ ഭീഷണിയുണ്ട്. ആ കടൽ ഭിത്തി ബലപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇവിടത്തെ മുസ്ലീം പള്ളിയും സുബ്രമഹ്ണ്യ ക്ഷേത്രവും

LIBRARY ARCHIVES Kerala Legislative Assembly

കടലാക്രമണ ഭീഷണിയിലാണ്. പള്ളിയുടെ ഒരു വശം ഇടിഞ്ഞു. അവിടത്തെ ഹൈന്ദവരായ മൽസ്യത്തൊഴിലാളികൾ ചേർന്നാണ് ആ പള്ളി സംരക്ഷിക്കാനുള്ള നടപടി സ്വീകരിച്ചത് എന്നുള്ളത് ഈ കാലഘട്ടത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അതുപോലെ തന്നെ കേരളത്തിലുടനീളം തീരപ്രദേശം സംരക്ഷിക്കാൻ ഒരു സമഗ്രമായ പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്. നമ്മുടെ അതിർത്തി പ്രദേശങ്ങൾ സംരക്ഷിക്കുന്നതുപോലെ സംരക്ഷിക്കേണ്ട പ്രദേശമാണ് തീരപ്രദേശം. തീര പ്രദേശത്തെ സംരക്ഷിക്കാൻ സമഗ്രമായ പദ്ധതി ആവിഷ്ക്കരിച്ചാൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായം കിട്ടും. ഇറിഗേഷൻ വകുപ്പും ഫിഷറീസ് വകുപ്പും റവന്യൂ വകുപ്പും ഒക്കെ ചേർന്ന് ഒരു പദ്ധതി തയ്യാറാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെ പ്രകൃതിക്ഷോഭവും ഉരുൾപൊട്ടലും, ഇതൊക്കെ ഉണ്ടാകുന്നത് പ്രകൃതിയേയും പരിസ്ഥിതിയേയും സംരക്ഷിക്കുന്ന കാര്യത്തിൽ കാലാകാലങ്ങളായി നമ്മുടെ ഭാഗത്തുണ്ടായി കൊണ്ടിരിക്കുന്ന വീഴ്ച കാരണമാണ്. ഇതിനുള്ള നടപടികൾ കഴിഞ്ഞ ഗവൺമെന്റ് ഒരു ഓർഡിനൻസിലൂടെ സ്വീകരിച്ചു. അതുകൊണ്ട് പരിസ്ഥിതിയും പ്രകൃതിയും സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് പരോക്ഷമായി ഇത്തരം പ്രകൃതിയുടെ ക്ഷോഭത്തേയും അതുപോലെ തന്നെ കടലാക്രമണത്തേയും ഉരുൾ പൊട്ടലിനേയും നേരിടാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. അടിയന്തിരമായി ആശ്വാസ നടപടികൾ സ്വീകരിക്കണം. തീരപ്രദേശങ്ങളിലൊക്കെ തന്നെ പണ്ടൊക്കെ സൗജന്യ റേഷൻ കൊടുക്കുന്ന ഏർപ്പാട് ഉണ്ടായിരുന്നു. ഇപ്പോൾ കൊടുക്കുന്നില്ല. തീരപ്രദേശങ്ങളിൽ സൗജന്യറേഷൻ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഓരോന്നിനും മറുപടി പറയുന്നില്ല. പൊതുവായിട്ടുള്ള കാര്യങ്ങളാണ്. കഴിഞ്ഞ മൺസൂണിൽ 16 പേർ മരണപ്പെട്ടു. രണ്ടു പേരെ കാണായായിട്ടുണ്ട്. 11 റിലീഫ് ക്യാമ്പുകൾ കേരളത്തിൽ നടത്തുകയുണ്ടായി. ആ റിലീഫ് ക്യാമ്പുകളിലൊക്കെ സൗജന്യ റേഷൻ കൊടുത്തു. അതുപോലെ തന്നെ 123 വീടുകൾ മുഴുവനായി നഷ്ടപ്പെട്ടു. 26 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഭാഗീകമായി 875 വീടുകൾക്ക് നഷ്ടമുണ്ടായി. 35 ലക്ഷം രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വീടുകൾ നഷ്ടപ്പെട്ടതിന് നഷ്ട പരിഹാരം കൊടുത്തു വരികയാണ്. അതുപോലെ തന്നെ കടൽ ഭിത്തികളെ സംബന്ധിച്ചിടത്തോളം കടലാക്രമണം റിപ്പോർട്ട് ചെയ്തിട്ടുള്ള എല്ലാ സ്ഥലങ്ങളിലും മണൽ ചാക്ക് ഇട്ടുകൊണ്ട് താൽക്കാലികമായി പ്രതിരോധിക്കുവാനുള്ള ശ്രമങ്ങളാണ് റവന്യൂ ഡിപ്പാർട്ടുമെന്റ് നടത്തിയത്. ശാശ്വതമായ പരിഹാരം വേണമെങ്കിൽ കടൽഭിത്തി കെട്ടണം. അങ്ങനെയുള്ള കാര്യങ്ങൾ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ദീർഘകാല അടിസ്ഥാനത്തിൽ ചെയ്തു വരികയാണ്. റവന്യൂ ഡിപ്പാർട്ട്മെന്റിനെ സംബന്ധിച്ചിടത്തോളം മണൽ ചാക്കുകൾ ഇട്ട് അതിനെ പ്രതിരോധിക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയിലെ പനത്തുറയിൽ ജൂൺ 24 ന് കടലാക്രമണമുണ്ടായി. ആ കടൽ ഭിത്തിക്ക് ഭാഗീകമായി

LIBRARY ARCHIVES Kerala Legislative Assembly

കേടുണ്ടായി. അത് പുനഃസ്ഥാപിക്കും. അതുപോരാ കടൽ മുട്ട് വേണമെന്നാണ് ആവശ്യം. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ ശ്രദ്ധയിൽ ഇത് ഉണ്ട്.' അവർ അതിന് നടപടികൾ സ്വീകരിക്കുമെന്നാണ് മനസ്സിലാക്കുന്നത്. അതുപോലെ തന്നെ കടലാക്രമണത്തിന് പല ജില്ലകളിലും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ, താൽക്കാലിക നടപടികൾ സ്വീകരിക്കാൻ പൈസ കൊടുത്തിട്ടുണ്ട്. ഇതിനോടകം 4,67,31,000 രൂപ ദുരിതാശ്വാസത്തിനായി ഗവൺമെന്റ് ചെലവ് ചെയ്തിട്ടുണ്ട്. അത് കണ്ടിന്യൂസ് ആയിട്ട് ഓരോ കാര്യത്തെ സംബന്ധിച്ചിടത്തോളം നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ഇത് പൂർത്തിയാകുമ്പോൾ അതിനുള്ള രൂപ ഗവൺമെന്റ് റിലീസ് ചെയ്യുന്നതാണ്. ഈ വക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ടൈമിലി ആയിട്ടുള്ള ആക്ഷൻ റവന്യൂ ഡിപ്പാർട്ട്മെന്റ് എടുക്കുകയുണ്ടായിട്ടുണ്ട്. ദുരിതാശ്വാസ രംഗത്ത് സഹായം എത്തിക്കുന്നതിനും ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും പ്രതിജ്ഞാബദ്ധമായി റവന്യൂ വകുപ്പ് നിലകൊള്ളുമെന്നുമാത്രം ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്.

ഡോ. എ. നീലലോഹിത ദാസൻ നാടാർ : തിരുവനന്തപുരം ജില്ല പ്രത്യേകിച്ച് എന്നുള്ളതാണ് എന്റെ ചോദ്യം പൂന്തുറയുടെ കാര്യം മാത്രമാണ് മന്ത്രി പറഞ്ഞത്. തിരുവനന്തപുരം ജില്ലയിലെ പൂന്തുറ വലിയതുറ എന്നീ പ്രദേശങ്ങളിലെ പൂവാർ ഇ.എം.എസ് കോളനി, അതുപോലെ കല്ലുമുക്ക്.....

മി. സ്പീക്കർ : ഒരു ചോദ്യം ചോദിക്കുക

ഡോ. എ. നീലലോഹിത ദാസൻ നാടാർ : കരിംകുളം പ്രദേശം, പുതിയതുറ അതുപോലെ തന്നെ കരിപ്പള്ളിക്കര തുടങ്ങിയ പ്രദേശങ്ങളിൽ പനത്തുറയോടൊപ്പം തന്നെ രൂക്ഷമായ കടലാക്രമണം ഉണ്ടായി. ഇവിടെയൊക്കെ തന്നെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആശ്വാസ നടപടികൾ എത്തിക്കാൻ കാര്യമായി ഒന്നും ചെയ്തിട്ടില്ല എന്ന ആക്ഷേപം ഉണ്ട്. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ വിളിച്ച് ചർച്ച ചെയ്ത് അടിയന്തിരമായ നിർദ്ദേശങ്ങൾ നൽകാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. എം. മാണി : ആക്ഷേപത്തിന്റെ കാര്യം ഇല്ല. കടലാക്രമണം കുറച്ചു സ്ഥലത്തൊക്കെ വരും. തിരമാലകൾ കയറിയെന്നുവരും. പക്ഷെ വളരെ രൂക്ഷമായ കടലാക്രമണം ഉള്ള സ്ഥലത്താണ് താൽക്കാലികമായി ഇങ്ങനെ മണൽചാക്കുകൾ വയ്ക്കുന്നത്. ഏതായാലും റവന്യൂ അധികാരികൾ അത് റ്റൈമിലി ആയിട്ട് ആക്റ്റ് ചെയ്യുന്നുണ്ട്. എവിടെയെങ്കിലും പോരായ്മയുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ ഈ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ റവന്യൂ ഉദ്യോഗസ്ഥൻമാരെ അയച്ച് അതിനെക്കുറിച്ച് അന്വേഷിക്കാം.

(ശ്രീ. മാമൻ മത്തായി സഭയിൽ ഹാജരില്ലാതിരുന്നതിനാൽ കാര്യവിവര പട്ടികയിൽ രണ്ടാമതായി ഉൾപ്പെടുത്തിയിരുന്ന ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുക ഉണ്ടായില്ല.)

LIBRARY ARCHIVES Kerala Legislative Assembly